# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 -26

**ഓരോ കുട്ടിയും മികവിലേക്ക്**




## ജി എൽ പി എസ് തെക്കുംപുറം

## കൊട്ടാരക്കര

## കൊല്ലം

# ഉള്ളടക്കം

1. ആമുഖം.

2. വിദ്യാലയത്തിന്റെ ലഘു ചരിത്രം

3. അടിസ്ഥാന വിവരങ്ങൾ

4. ലക്ഷ്യങ്ങൾ.

5. വിലയിരുത്തൽ, രേഖപ്പെടുത്തൽ

6. അക്കാദമിക മോണിറ്ററിംഗ്

7. പദ്ധതി വിശദാംശങ്ങൾ

8. ഉപസംഹാരം.

## ആമുഖം

കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും പരിസ്ഥിതികവും സർഗാത്മകവുമായ പാരമ്പര്യം കാത്തു സൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങളായ അവസരസമത്വം, മതേതരത്വം, ശാസ്ത്രബോധം, പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള അനുകൂല മനോഭാവം കുട്ടികളുടെ അവകാശനിയമം, വിദ്യാഭ്യാസ അവകാശനിയമം, ദേശീയ വിദ്യാഭ്യാസ നയം എന്നിവ ഉറപ്പാക്കുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച്, അക്കാദമിക നിലവാരം ഉയർത്തുന്നതിന് ആവശ്യമായ ഹൈടെക് സൗകര്യങ്ങൾ ഉയർത്തുന്നതിന് ആവശ്യമായ ഹൈടെക് സൗകര്യങ്ങൾ ഉറപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. കേരളത്തിന്റെ വികസനത്തിൽ നിർണായക പങ്കാണ് പൊതുവിദ്യാഭ്യാസത്തിനുള്ളത്.

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുക എന്ന മഹത്തായ ലക്ഷ്യമാണ് മുന്നോട്ട് വച്ചിട്ടുള്ളത്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ, ശുചിത്വ, സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു. നമ്മുടെ നാട്ടിലെ ഓരോ കുട്ടിക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും, ശേഷികളും നേടുന്നതിനാവശ്യമായ അവസരമൊരുക്കാനുള്ള സംഘടിത ശ്രമത്തിന് നാട്ടുകാരുടെ പൂർണമായ പിന്തുണയും സഹകരണവും അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രവർത്തന രേഖ സമർപ്പിക്കുന്നു.

## വിദ്യാലയത്തിന്റെ ചരിത്രം

നെടുവത്തൂർ പഞ്ചായത്തിലെ തെക്കുംപുറം വാർഡിൽ പുത്തൂർ ടൗണിനോട് ബന്ധപ്പെട്ട് അൽപം ഉള്ളിലേക്ക് മാറി സ്ഥിതിചെയ്യുന്ന ഒരു വിദ്യാലയമാണിത്. ഈ സ്കൂൾ 1918-ൽ കുളങ്ങര കുടുംബാംഗങ്ങളുടെ വകയായി സ്ഥാപിതമായതാണ്. പുത്തൂർ ഓർത്തഡോക്സ് ചർച്ചിലെ സൺഡേ സ്കൂൾ ഇവിടെയാണ് പ്രവർത്തിച്ചിരുന്നത്. ഇപ്പോഴത്തെ കെട്ടിടം സ്ഥിതിചെയ്യുന്നതിന്റെ കോമ്പൗണ്ടിൽ ഇപ്പോൾ പുതുവതിൽ കെട്ടിയിരിക്കുന്ന ഭാഗത്ത് 'L' ആകൃതിയിലുള്ള ഒരു ഓല കെട്ടിടത്തിലായിരുന്നു സ്കൂൾ പ്രവർത്തിച്ചിരുന്നത്. ഈ കെട്ടിടം ഗവൺമെന്റിന് കൈമാറി. 2018-ൽ സ്കൂൾ ശതാബ്ദിയായി

ഇവിടെ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ പലരും സമൂഹത്തിന്റെ പല മേഖലകളിലും ഉന്നതിയിൽ ശോഭിക്കുന്നു. ഇവരിൽ ഡോക്ടർമാരും, അഡ്വക്കേറ്റ്മാരും, അധ്യാപകരും, ബിസിനസ്സുകാരും ഒക്കെ ഉൾപ്പെടുന്നു. അന്ന് ഈ വിദ്യാലയത്തിൽ ധാരാളം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഈ സ്കൂളിന് ചുറ്റുപാടുമുള്ള അംഗീകാരമില്ലാത്ത ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആവിർഭാവത്തോടെ ഈ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു,

ഈ സ്കൂളിന് ഭൗതികസാഹചര്യം ഒരുക്കുന്നതിൽ എസ്.എസ്.എയും പഞ്ചായത്തും മുൻപന്തിയിൽ തന്നെയുണ്ട്. ഈ സ്കൂളിൽ പഠിക്കുന്ന കുട്ടികൾ വളരെ നിർദ്ധനരാണ്.

സ്കൂളിലെ പഠനപ്രവർത്തനങ്ങളിലും പി.ടി.എ, എസ്.എം.സി ഇവരുടെ സഹകരണം ലഭിക്കുന്നുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ഗവ. എൽ. പി. എസ് തെക്കുംപുറം.

പോസ്റ്റ് വിലാസം : തെക്കുംപുറം<br>
പുത്തൂർ (P.O)<br>
കൊട്ടാരക്കര<br>
കൊല്ലം.

ഫോൺ :

സ്കൂൾ കോഡ് : 39211

വിദ്യാഭ്യാസ ഉപജില്ല : കൊട്ടാരക്കര.

വിദ്യാഭ്യാസ ജില്ല : കൊട്ടാരക്കര.

റവന്യൂ ജില്ല : കൊല്ലം

ബി. ആർ. സി : കൊട്ടാരക്കര.

സി. ആർ. സി : തേവലപ്പുറം.

ഗ്രാമ പഞ്ചായത്ത് : നെടുവത്തൂർ

ബ്ലോക്ക് പഞ്ചായത്ത് : കൊട്ടാരക്കര,

ജില്ലാ പഞ്ചായത്ത് : കൊല്ലം.

നിയമ സഭാ മണ്ഡലം : കൊട്ടാരക്കര.

ലോകസഭാ മണ്ഡലം : മാവേലിക്കര

താലൂക്ക് : കൊട്ടാരക്കര,

വില്ലേജ് : പുത്തൂർ

ഇ മെയിൽ വിലാസം : 39211thekkumpuram@gmail.com.

സ്കൂൾ വിക്കി :

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പു വരുത്തും.
6. ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിവിധയിനം പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഇല്ലാതാക്കി ആർജ്ജവമായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

* മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ഇ-വേസ്റ്റ് മാനേജ്മെന്റ് മേഖലകളിൽ നിർമാർജ്ജന ഇടപെടൽ ശക്തമായി നടപ്പാക്കൽ.

* പോസ്കോ, രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ ബോധവൽക്കരണം.

## അക്കാദമിക ഭൗതിക നേട്ടങ്ങൾ പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ മെച്ചപ്പെടേണ്ടതുണ്ട് |
| • 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. | • പ്രത്യേക ലൈബ്രറി സംവിധാനങ്ങൾ ഇല്ല. |
| • കലാപഠനം, പ്രവൃത്തിപരിചയ പഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | • വായനയ്ക്ക് നല്ല പ്രോത്സാഹനം നൽകുന്നുണ്ട് എങ്കിലും കുറച്ചു കുട്ടികൾ വായനയിൽ പിന്നോക്കം നിൽക്കുന്നു. |
| • പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ. | • മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. |
| • സർഗ്ഗാത്മക വേദികൾ, ഭാഷ പ്രകാശന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം. | • ഐ.ടി അധിഷ്ഠിത പഠനം നടന്നു വരുന്നു. |
| | • IED കുട്ടികളുടെ പഠന പിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. |

## ലക്ഷ്യങ്ങൾ

ഭാഷാ വികാസം

* എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും അവരവരുടെ ഇഷ്ടങ്ങൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
* സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
* മികച്ച വായനാശീലം വളർത്തുക.

ഇംഗ്ലീഷ്

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
* സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
* ക്ലാസ് തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

പരിസരപഠനം

* ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
* ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
* ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജന പ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

സാമൂഹിക ബോധം

* ജനാധിപത്യ വേദികൾ ഒരുക്കുക.
* സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തമാക്കുക.
* ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
* ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

ഗണിതം

* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* ഓരോ ക്ലാസിലും ഒരിക്കലും വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പുവരുത്തുക.
* ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
* ഗണിത ചിന്ത, യുക്തി ചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

ഹൈടെക് സാധ്യതകൾ

* വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
* അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

പ്രവൃത്തി പരിചയം

* നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
* പാഴ് വസ്തുക്കളിൽ നിന്നും പഠനോപകരണങ്ങളും ഉണ്ടാക്കാനുള്ള പ്രയോജനപരമായ ഉൽപ്പന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
* ഇതര വിഷയങ്ങളുമായി പ്രവൃത്തി പരിചയത്തെ ബന്ധിപ്പിക്കുക.

കലാപരിശീലനം

* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
* കലാഭിരുചി വളർത്തുക.
* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുന്നു.
* ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

ആരോഗ്യ കായിക വിദ്യാഭ്യാസം

* എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
* എല്ലാ കുട്ടികൾക്കും അദ്യ ടേർമിനൽ ഹെൽത്ത് ചെക്ക് അപ്പ്.
* PT പിരീഡുകൾ, ഫിസിക്കൽ എക്സൈസ്, ഗെയിംസ് എന്നിവ നൽകുന്നതിന് മിസ് ടീച്ചർക്ക് പരിശീലനം നൽകൽ.

# വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രദവിലയിരുത്തൽ എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാ കേന്ദ്രമാണ് ഇത്. കുട്ടികളുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ ഇടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ട് പോകുന്ന രീതി വളർത്തുന്നതാണ് വികാസ പരമായ വിലയിരുത്തൽ.

## പ്രവർത്തന ലക്ഷ്യങ്ങൾ

- കുട്ടികളുടെ പഠന പ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ അധികാരിക വിലയിരുത്തൽ നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠനരീതികൾ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പഠന നടപടികൾ വിലയിരുത്താനും മെച്ചപ്പെടുത്താനും സഹായിക്കുക.
- പോർട്ട് ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടികളുടെ അതിജീവന വൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

## വിലയിരുത്തൽ മാർഗ്ഗങ്ങൾ

* നിരീക്ഷണം
* അഭിമുഖം
* ഡയറി നോട്ടുകൾ
* സ്വയം വിലയിരുത്തൽ ഫോറങ്ങൾ
* പോർട്ട് ഫോളിയോ വിലയിരുത്തൽ.

വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിങ്

## അക്കാദമിക് മോണിറ്ററിംഗ്

വിദ്യാർത്ഥികളുടെ പഠനപുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയമായ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല. കുട്ടികളെ അനുഭവത്തിലൂടെ അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾ തല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുന:സംഘടനയും പിന്തുണയും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ

* വിദ്യാലയത്തിൽ HELP 2025 പ്രകാരമുള്ള പഠന പദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
* അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ്സ് ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
* കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ രേഖകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട് ഫോളിയോ മുതലായവ പരിശോധിക്കുക.
* ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
* വിദ്യാലയതലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSG) പ്രോത്സാഹിപ്പിക്കുക.
* DIET, AEO, DEO, DPC, BPC എന്നിവരുടെ ഇടങ്ങിയ ഉദ്യോഗസ്ഥരുടെ സ്കൂൾ സന്ദർശനവും അവലോകനവും

*

## 2025-26 വർഷം നടപ്പിലാക്കാൻ തീരുമാനിച്ച പ്രവർത്തനങ്ങൾ

### മലയാളം

| | പാഠത്തിന്റെ പേര് | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1 | ഭാഷാശേഷി വികസനം മലയാളം(വായന. | • ഉദ്ഘാടനം<br>• അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദക്കാർഡ്<br>• വാക്കുകൾ നിർമ്മിക്കൽ<br>• കഥ പറയൽ, കഥയെഴുത്ത്<br>• ക്ലാസ് ലൈബ്രറി<br>• ഭാഷകേളികൾ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• അസംബ്ലിയിൽ വാർത്ത വായിക്കൽ.<br>• റീഡേഴ്സ് തിയേറ്റർ<br>• സംയുക്ത ഡയറി<br>• രചന പരിചയക്കുറിപ്പ്. | 1 വർഷം |
| 2 | കുട്ടിയെ എഴുത്തുകാരൻ ആക്കുക. | വായനക്കുറിപ്പ് പതിപ്പ്<br>കഥ എഴുത്ത്<br>അടിക്കുറിപ്പ്<br>ഡയറി എഴുതൽ<br>ചുമർപത്രിക, പതിപ്പ്<br>സർഗ്ഗവേളയിൽ അവതരണം.<br>അനുഭവ വിവരണം<br>സംഭാഷണം<br>വ്യക്തിഗത രചന, സർഗാത്മക രചന<br>സംഘരചന. | 1 വർഷം. |

പ്രവർത്തനം : 3

പേര് : അക്ഷരക്കൂട്ടം (വായനാ കോർണർ)

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| മികച്ച വായനാ ശീലം വളർത്തുക | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേക വായനാ കോർണർ ഒരുക്കുന്നു. ക്ലാസ്സ് റൂം പീരിയഡുകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ സ്കൂൾ ലൈബ്രറി കമ്മിറ്റി. |

പ്രവർത്തനം : 4

പേര് : സ്കൂൾ ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| മികച്ച വായനാ ശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. |

പ്രവർത്തനം : 5

പേര് : ക്ലാസ്സ്‌തല പതിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ ക്ലാസ്സിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്സ്‌തല പതിപ്പുകൾ ഒരുക്കൽ. | എല്ലാമാസവും. |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | പഠനനില കണ്ടെത്തൽ പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂലൈ ആദ്യവാരം | ഇംഗ്ലീഷ് ടീച്ചർ S.R.G. |
| | പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ. | ആഗസ്റ്റ് ആദ്യവാരം മുതൽ | SRG |
| | ഇംഗ്ലീഷിലുള്ള അസംബ്ലി. | ആഗസ്റ്റ് 2-ാം വാരം | ക്ലാസ് ടീച്ചർ |
| | ഒരു ദിവസം ഒരു ഭാഷാപരിപാടി (എല്ലാ ക്ലാസിലും) | ജൂൺ - മാർച്ച്. | ക്ലാസ് ടീച്ചർ |
| | ഇംഗ്ലീഷ് - ക്ലാസ് ലൈബ്രറി, വായനാ സാമഗ്രികൾ, ലഘു വായനാ പുസ്തകം | ആഗസ്റ്റ് മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ |
| | പതിപ്പുകൾ, മാഗസിനുകൾ | ആഗസ്റ്റ് മാർച്ച്. | ഇംഗ്ലീഷ് ടീച്ചർ. |

# പരിസര പഠനം

പ്രവർത്തനം 1
പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)

ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക. ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാകുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ. | എല്ലാ മാസത്തിലും | ക്ലാസ്സ് ടീച്ചർ |

പ്രവർത്തനം (2)
പേര് : പരീക്ഷണക്കിറ്റ്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ശാസ്ത്രപ്രക്രിയാ ശേഷികളുടെ വളർച്ചക്കിണങ്ങുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ. |

പ്രവർത്തനം : 3.

പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല

മേഖല : ലാബ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ശാസ്ത്രപ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പഠിക്കുന്ന, നിർമ്മിക്കുന്ന പ്രവർത്തനങ്ങൾക്കിണ- ങ്ങുംവിധം ശില്പ ശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കുന്നത്. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ. |

# ഗണിതം

പ്രവർത്തനം : 1

പേര് : ഗണിത വർക്ക്ഷീറ്റ് ശില്പശാല

ഉപമേഖല : വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങളും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിലും ആദ്യം | SSG | |

പ്രവർത്തനം : 2

പേര് : ഗണിതമൂല

ഉപമേഖല : ഗണിത-കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ ( ചാർട്ട്, കളികൾ, ആശയങ്ങൾ, ഉല്ലാസഗണിത കിറ്റ് തുടങ്ങിയവ | ജൂൺ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 3

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി: പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1

പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം.

ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ (സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ) | ഓരോ മാസത്തിലും | SITC |

പ്രവർത്തനം : 2

പേര് : IT ലാബ്

ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും, നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, പ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ | ജൂൺ- ആഗസ്റ്റ് | SITC. |

## ഉപസംഹാരം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ പൊതു സമൂഹത്തിന്റെ പങ്കാളിത്തം അനിവാര്യമാണെന്ന നിലപാടിനോട് കേരളീയ സമൂഹം വളരെ ക്രിയാത്മകമായി പ്രതികരിച്ചു കഴിഞ്ഞു. ഇതിന്റെയെല്ലാം ഫലമായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യ മെച്ചപ്പെടുകയും പഠനനിലവാരം വളരെയേറെ ഉയരുകയും പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കാനും കഴിഞ്ഞു. ഈ അവസരത്തിൽ ഓരോ സ്കൂളിന്റെയും അക്കാദമിക മാസ്റ്റർപ്ലാനിന്റെ പ്രാധാന്യം വളരെ വലുതാണ്.

പൊതുവിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകരമായ പഠനാവസരങ്ങളും, അക്കാദമിക, ഭൗതിക, സാമൂഹിക അവസരങ്ങൾ ഒരുക്കി ഓരോ കുട്ടിയേയും സമഗ്ര ഗുണമേന്മയിൽ എത്തിക്കുക എന്നതാണ് അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഉദ്ദേശ്യം. അക്കാദമിക മികവിലൂടെ വിദ്യാലയ മികവിലേക്ക് എത്തുക എന്ന യജ്ഞത്തിൽ നമ്മളും പങ്കുചേരാം.